(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി എന്നുമുതൽ ആരംഭിച്ചുവെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(ബി) ഈ പദ്ധതി ആരംഭിച്ചതുമുതൽ എത്ര പേർ പദ്ധതിയുടെ ഗുണ ഭോക്താക്കളായെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കു ന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണ ത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രമം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേയ്ക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ലഭ്യമാക്കുന്ന പദ്ധതിയാണ് അമ്മയും കുഞ്ഞും.

(ബി) ഇതുവരെ ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് 486257 അമ്മമാർക്കും 64527 കുട്ടികൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദമാക്കുന്ന തിനുമായി ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷത്തിലേയ്ക്ക് ആവശ്യമായ ധനസഹായവും ലഭ്യമായിട്ടുണ്ട്.

രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം പദ്ധതി

76 (4879) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രമം പദ്ധതി ഏതുവർഷം മുതലാണ് നടപ്പിലാക്കിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും ആർ. ബി. എസ്. കെ. പദ്ധതിയിൽ എത്ര തുകയാണ് ചെലവഴിച്ചത്;

(സി) 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഏതെല്ലാം അസുഖങ്ങൾക്കുള്ള ചികിത്സ ചെലവാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത്;

(ഡി) ഏതെല്ലാം ആശുപത്രികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) ആർ. ബി. എസ്. കെ. പദ്ധതിക്കായി ഇതിനോടകം ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം കേന്ദ്രധനസഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013 ഒക്ടോബറിൽ പ്രഖ്യാപിച്ച പദ്ധതി വിവിധ തരത്തിലുള്ള പ്ലാനിംഗിനു ശേഷം 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കി തുടങ്ങി.

(ബി) ഓരോ വർഷവും ആർ.ബി.എസ്.കെ. പദ്ധതിയിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	ചികിത്സാ ഇനത്തിൽ ചെലവഴിച്ച തുക
2013-14	4.19 കോടി രൂപ
2014-15	10.271 കോടി രൂപ
2015-16	63 ലക്ഷം രൂപ (ഏപ്രിൽ, മെയ് മാസത്തെ)

(സി) 30 അസുഖങ്ങൾക്കാണ് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ ഗവൺമെന്റ് ആശുപത്രികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നീ റ്റർഷ്യറി കെയർ ആശുപത്രികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആർ.ബി.എസ്.കെ. പദ്ധതിയുടെ ചികിത്സാ ശീർഷകത്തിൽ കേന്ദ്രം താഴെപ്പറയുന്ന തുകയാണ് അംഗീകരിച്ചത് :

വർഷം	അംഗീകരിച്ച തുക
2013-14	19.6 കോടി രൂപ
2014-15	14.26 "
2015-16	14.65 "

നൃബോൺ സ്ക്രീനിംഗ് പദ്ധതി

77 (4880) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരവധി കുഞ്ഞുങ്ങൾ വിവിധങ്ങളായ ജനിതക വൈകല്യരോഗങ്ങളോടെ പിറന്നുവീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ജനിതക വൈകല്യങ്ങൾ കണ്ടെത്തി ചികിത്സിക്കുന്നതിന് നൃബോൺ സ്ക്രീനിംഗ് എന്ന പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; ആദ്യഘട്ടത്തിൽ ഇത് എവിടെയെല്ലാമാണ് ആരംഭിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013 മാർച്ച് മുതൽ തെരഞ്ഞെടുത്ത 44 ഗവൺമെന്റ് ആശുപത്രികളിൽ നടപ്പിലാക്കിയ നൃബോൺ സ്ക്രീനിംഗ് പ്രോഗ്രാംവഴി ചില കുട്ടികൾക്ക് മെറ്റബോളിക്/ജനിതക രോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന നാല് മെറ്റബോളിക്/ ജനിതക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലും നൃബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly